ഉത്തരം

(എ) 29 എണ്ണം.

(ബി) ടാറ്റാ ആന്റ് ലൈലാന്റ് - 29 എണ്ണം.

(സി) 520 ബസ്സുകൾ വാങ്ങാൻ ഉദ്ദേശ്യമുണ്ട്.

കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം

45 [532] ശ്രീ. കെ. എ. ചന്ദ്രൻ:

„ എം. പി. ഗംഗാധരൻ:

„ പി. ശങ്കരൻ:

„ ടി. യു. രാധാകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയാണ്;

(ബി) 2001 ജൂൺ 1-ന് മുമ്പുള്ള ഒരു വർഷത്തിൽ ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയായിരുന്നു?

ഉത്തരം

(എ) 210 ലക്ഷം രൂപ

(ബി) 1,56,88,439 രൂപ.

കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനവും വരുമാനവും

46 [533] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യ്ക്ക് ഓരോ ജില്ലയിലുമുള്ള ഡിപ്പോകൾ, സബ് ഡിപ്പോകൾ, ബസ് സ്റ്റേഷനുകൾ എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോന്നിന്റെയും ഷെഡ്യൂളുകളുടെ എണ്ണം എത്ര; ആകെയുള്ള ബസ്സുകൾ എത്ര; പ്രവർത്തനക്ഷമം അല്ലാത്ത ബസ്സുകൾ എത്ര; സ്പെയർപാർട്ട്സിന്റെ അഭാവംമൂലം ഓടിക്കുവാൻ കഴിയാത്ത ബസ്സുകളുടെ എണ്ണം എത്ര എന്നിവ വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-2002 മുതലുള്ള ഓരോ വർഷവും ഓരോ ബസ് സ്റ്റേഷൻ, ഡിപ്പോ, സബ് ഡിപ്പോ എന്നിവയിൽ നിന്നുള്ള വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഡീസൽ, ഓയിൽ, ടയർ, സ്പെയർപാർട്ട്സ് എന്നീ ഇനങ്ങളിലായി 2001-2002 മുതൽ കെ. എസ്. ആർ. ടി. സി.-യ്ക്ക് എന്ത് തുക ഓരോ വർഷവും ചെലവ് വന്നുവെന്നും ഇതിൽ കുടിശ്ശികയായി നിൽക്കുന്ന തുക എത്രവീതമെന്നും വ്യക്തമാക്കുമോ;

(ഇ) 2001-2002 മുതൽ 2004-2005 വരെ കെ. എസ്. ആർ. ടി. സി. വായ്പ എടുത്ത തുക എത്രയെന്നും ടി തിക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർക്കുന്നു.†

(ബി) അനുബന്ധം 2, 3 എന്നിവ പ്രകാരം വിശദാംശങ്ങൾ നൽകിയിരിക്കുന്നു.†

(സി) അനുബന്ധം 4 ആയി ചേർക്കുന്നു.†

(ഡി) അനുബന്ധം 5 ആയി ചേർക്കുന്നു.†

(ഇ) 2001-2002 മുതൽ 2004-2005 വരെ കെ. എസ്. ആർ. ടി. സി. എടുത്ത വായ്പയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

		രൂപ
2001-2002	..	47.5 കോടി
2002-2003	..	42.8 ,,
2003-2004	..	147 ,,
2004-2005	..	90.4 ,,
ആകെ	..	327.7 ,,

ചെലവ്

		രൂപ
ബസ് വാങ്ങിയതിന്	..	229.44 കോടി
ഡീസൽ	..	69 ,,
എം. എ. സി. റ്റി.	..	7.76 ,,
മുൻ വായ്പ കുടിശ്ശിക അടച്ചു തീർക്കുന്നതിന്	..	21.50 ,,
ആകെ	..	327.7 ,,

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly